III സബ്മിഷൻ

(1) കെ.എസ്.ഡി.പി., സിൽക്ക്, സ്കൂട്ടേഴ്സ് ലിമിറ്റഡ് എന്നീ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. ടി. കെ. ദേവകുമാർ: ആലപ്പുഴ ജില്ലയിലെ ആധുനിക വ്യവസായങ്ങളെ സംബന്ധിച്ചായതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ശ്രദ്ധിക്കുന്നത് നന്നായിരിക്കും. കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡ് ആലപ്പുഴ അങ്ങയുടെ മണ്ഡലത്തിലാണ്. 11 മാസം മുൻപ് അടച്ചുപൂട്ടി. വ്യവസായ വകുപ്പുമന്ത്രി നമുക്ക് ഒന്നാമത്തെ പരിഗണന തന്നു. ആദ്യമായിട്ട് കേരളത്തിൽ അടച്ചുപൂട്ടിയത് അങ്ങയുടെ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമാണ്. അതുപോലെതന്നെ കേരള സ്കൂട്ടേഴ്സ് ലിമിറ്റഡ് വിൽക്കാൻ വച്ചിരിക്കുകയാണ്. ശ്രീമതി ഗൗരിയമ്മയുടെ മണ്ഡലത്തിനും പരിഗണനയുണ്ട്. തുറവൂർ ജനറൽ എൻജിനീയറിംഗ് വർക്ക്സ് വിൽക്കാൻ ഏർപ്പാടായി; ഉത്തരവായി. ആട്ടോകാസ്റ്റ് ഏഷ്യയിലെ ഏറ്റവും ഉയർന്ന മെഷിനറി ഉൽപ്പാദിപ്പിക്കുന്ന സ്ഥലമാണ്. അതിന്റെ പകുതി സ്ഥലം, 70 ഏക്കർ സ്ഥലം വിറ്റു. ചൗധരി കമ്മിഷൻ റിപ്പോർട്ടിൽ അതിന് പരിഗണനയുണ്ട്. ആട്ടോകാസ്റ്റ് ഒന്നാമത്തെ പേരിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലക്കാർക്ക് നല്ല പരിഗണനയുണ്ട്. ചൗധരി കമ്മിറ്റിയുടെ അടച്ചുപൂട്ടേണ്ടവയിൽ ഒന്നാമത്തെ പേരാണ്. സിൽക്കിന്റെ ഫാബ്രിക്കേഷൻ യൂണിറ്റ്, ആട്ടോകാസ്റ്റ്, കെ.എസ്.ഡി.പി. എന്നിവയിൽ ശമ്പളം കൊടുത്തിട്ട് ഒരു മാസമായി. അരൂരിലെ കെൽട്രോൺ യൂണിറ്റ്, കോമളപുരം സ്പിന്നിംഗ് മിൽ, ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നിവ അടച്ചുപൂട്ടി. കെ.എസ്.ഡി.പി.-യെക്കുറിച്ച് യു.ഡി.എഫ്. ഉപസമിതിയുടെ ഒരു നിർദ്ദേശമുണ്ട്. ആ നിർദ്ദേശമെങ്കിലും ഒന്ന് പരിഗണിക്കുമോ? ആലപ്പുഴയിൽ നിന്നുള്ള പട്ടിണി മാർച്ച് മൂന്ന് ദിവസം നടന്ന് ഇന്ന് സെക്രട്ടേറിയറ്റിലെത്തിയിരിക്കുകയാണ്. ഈ ആധുനിക വ്യവസായത്തെ സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? പട്ടിണി മാർച്ച് കണക്കിലെടുത്തും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോൺഫറൻസ് വിളിച്ചുകൂട്ടി പ്രശ്നങ്ങൾ പരിഹരിക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബഹുമാനപ്പെട്ട ദേവകുമാറിന് മലബാർ സിമന്റ്സിന്റെ കാര്യം കൂടി പറയാമായിരുന്നില്ലേ? ചേർത്തലയിൽ പൊതുമേഖലയിൽ ഞങ്ങൾ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്.....(ബഹളം)..... ഡേറ്റ് ഇപ്പോൾ പറയാൻ തുടങ്ങിയാൽ.....

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഡി.പി.-ക്ക് കടം 60 കോടി രൂപയാണ്. ഞങ്ങൾ ഉണ്ടാക്കിയതല്ലല്ലോ? കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡിൽ ശമ്പളം മുടങ്ങിയിട്ട് കൊല്ലം എത്രയായി? ഞങ്ങളുണ്ടാക്കിയതാണോ? നിരർത്ഥകമായ വാദങ്ങൾ നിരത്തിയിട്ടൊന്നും കാര്യമില്ല. പഴയ പൊതുമേഖലാ സ്ഥാപനങ്ങൾ ഇവിടെയല്ല, ബംഗാളിലല്ല, ലോകത്ത് മുഴുവൻ നശിച്ചുപൊയ്ക്കൊണ്ടിരിക്കുന്നുണ്ട്. അതൊരു വലിയ പ്രതിഭാസമാണ്. അതിന്റെ പരിഹാരത്തിന് നമുക്ക് കൂടിയാലോചിക്കാം. അതിന് രാഷ്ട്രീയം ആയുധമാക്കി യു.ഡി.എഫ്.-നെ തകർക്കാൻ നോക്കിയിട്ട് യാതൊരു കാര്യവുമില്ല.

(2) വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കുള്ള സർട്ടിഫിക്കറ്റുകളും ഇതര രേഖകളും അറ്റസ്റ്റ് ചെയ്യുന്നതിനുള്ള സെന്റർ കോഴിക്കോട് ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. പി. മുഹമ്മദ്: വിദേശരാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകളും അതുപോലെ ഇതര രേഖകളും ഡൽഹിയിൽ പോയി അറ്റസ്റ്റ് ചെയ്യുന്നതിന് വളരെയധികം പ്രയാസം നേരിടുകയാണ്. ഇതിന് പരിഹാരം കാണാൻ ഡൽഹിയിൽ പോയി ചർച്ച നടത്തിയ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ അറ്റസ്റ്റേഷൻ സെന്ററുകൾ അടുത്തമാസം തന്നെ തിരുവനന്തപുരത്തും, ഏറ്റവും അധികം ഉദ്യോഗാർത്ഥികളുള്ള മലബാർ മേഖലയ്ക്ക് സൗകര്യപ്രദമാകണമെങ്കിൽ കോഴിക്കോട്ടും അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, യു.എ.ഇ. തുടങ്ങിയ വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യണമെന്ന

10 A.M.] അവിടത്തെ വിസാ നിയമങ്ങൾ കർശനമാക്കിയതിന്റെ ഫലമായിട്ടാണ് കേന്ദ്രഗവൺമെന്റ് അതിന് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. പക്ഷേ ഇക്കാര്യത്തിൽ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്കുള്ള ബുദ്ധിമുട്ട് സംബന്ധിച്ച് സംസ്ഥാനത്തെ എം.പി.-മാരും മന്ത്രിമാരും കേന്ദ്ര ഗവൺമെന്റിൽ നിവേദനം നടത്തിയതിന്റെ ഫലമായി തിരുവനന്തപുരത്ത് ഒരു അറ്റസ്റ്റേഷൻ സെന്റർ തുടങ്ങാൻ തീരുമാനിച്ചു. മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റിന്റെ ഉദ്യോഗസ്ഥന്മാരെ ഐഡന്റിഫൈ ചെയ്ത് ഡെപ്യൂട്ട് ചെയ്യുന്നതിനുള്ള കാലതാമസം കൊണ്ടാണ് തിരുവനന്തപുരത്ത് ഇത് തുടങ്ങുന്നതിന് തടസ്സം വന്നത്. പല സ്ഥാപിത താല്പര്യക്കാരും ഇത്

LIBRARY ARCHIVES Kerala Legislative Assembly